പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6773 | 10.07.2014- ൽ മറുപടിക്ക് |
|---|---|

<u>ശുദ്ധമായ കുടിവെള്ളംകൊണ്ടു വരുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. ശിവദാസൻ നായർ<br>" കെ. മുരളീധരൻ<br>" റ്റി. എൻ. പ്രതാപൻ<br>" തേറമ്പിൽ രാമകൃഷ്ണൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ശുദ്ധമായ കുടിവെള്ളം കൊണ്ടുവരുന്നതിനായി ടാങ്കർ ലോറികൾക്കും കുടിവെള്ള സ്രോതസ്സുകൾക്കും ഭക്ഷ്യസുരക്ഷാ വകുപ്പ് ശാസ്ത്രീയമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | എ) | ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ 11.01.2013. തീയതിയിലെ എ-1/13/CFS എന്ന ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | ടാങ്കർലോറികളിലും മറ്റു വാഹനങ്ങളിലും ഉപയോഗ യോഗ്യമല്ലാത്ത വെള്ളം കുടിവെള്ളമെന്ന രീതിയിൽ വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ആയത് മൂലം ഭക്ഷ്യവിഷബാധയും, ജലജന്യ രോഗങ്ങളും ഉണ്ടാകാനുള്ള സാധ്യത ഒഴിവാക്കണമെന്ന ഉദ്ദേശത്തോടെയാണ് ടി മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. |
| സി) | ആരെല്ലാമാണ് ഇതു വഴി സഹകരിക്കുന്നത്;വിശദമാക്കുമോ; | സി) | ഭക്ഷ്യസുരക്ഷാ വകുപ്പാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ ഉത്തരവ് നടപ്പാക്കുന്നതിനു വേണ്ട സഹായം ലഭ്യമാക്കുന്നതിനായി പോലീസ്, മോട്ടോർവാഹന വകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നിവയ്ക്കും ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. |
| ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ഡി) | സംസ്ഥാനവ്യാപകമായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തുന്നുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ചിട്ടുള്ള എറണാകുളത്തെ രണ്ട് സ്ഥാപനങ്ങളുടെ പ്രവർത്തനം ഉത്തരവ് മൂലം അടപ്പിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ